പതിനാലാം കേരള നിയമസഭ

15-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1394 — 11.06.2019-ൽ മറുപടിക്ക്

## അനധികൃത നിലം നികത്തൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി. തോമസ്<br>,, അനൂപ് ജേക്കബ്<br>,, റോജി എം. ജോൺ<br>,, വി.ടി.ബൽറാം | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കുന്നത്ത് നാട്ടിൽ 15 ഏക്കർ നിലം നികത്താൻ ഭൂമാഫിയക്ക് അനുവാദം നൽകിയത് ഏത് സാഹചര്യത്തിലാണ് എന്ന് വ്യക്തമാക്കുമോ ; | (എ) കുന്നത്ത് നാട്ടിൽ Speaks Properties Ltd എന്ന സ്ഥാപനത്തിന് തരം മാറ്റിയ നിലം വിഭാഗത്തിൽ ഉൾപ്പെട്ട ഭൂമി പൂർവ്വ സ്ഥിതിയിലാക്കുന്നതിന് ജില്ലാ കളക്ടർ പുറപ്പെടുവിച്ച ഉത്തരവ് റദ്ദ് ചെയ്തു കൊണ്ടും അപേക്ഷകന് സ്ഥലം ഡാറ്റാബാങ്കിൽ നിന്ന് ഒഴിവാക്കുന്നത് സംബന്ധിച്ച് നിലവിലുള്ള നിയമപ്രകാരം ബന്ധപ്പെട്ട അധികാരികളെ സമീപിക്കുന്നതിനും അനുമതി നൽകിക്കൊണ്ടും 31.01.2019-ലെ സ.ഉ(സാധാ) 337/19/റവ നം. ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ 08.05.2019-ലെ സ.ഉ (സാധാ) 1090/19/റവ നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത ഉത്തരവ് മരവിപ്പിക്കുകയുണ്ടായി. |
| (ബി) ഡേറ്റാ ബാങ്കിൽ പ്രസ്തുത ഭൂമി നിലമായിട്ടാണോ രേഖപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ ; | (ബി) അതെ |
| (സി) ഇതു സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശം തേടിയ ശേഷമാണോ എറണാകുളം ജില്ലാ കളക്ടർ ഭൂമിയുടെ തരം മാറ്റുന്നതിനുള്ള അനുമതി നിഷേധിച്ചത്; | (സി) അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശം തേടിയിരുന്നു. |
| (ഡി) റവന്യ മന്ത്രി അറിയാതെ റവന്യ അഡീഷണൽ സെക്രട്ടറി സർവ്വീസിൽ നിന്നും വിരമിക്കുന്നതിന് തൊട്ട് മുമ്പ് ജില്ലാ കളക്ടറുടെ പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്തിട്ടുണ്ടോ; | (ഡി) റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറുടെ ഉത്തരവ് റദ്ദ് ചെയ്ത് റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (ഇ) | ഈ ഉത്തരവ് റദ്ദ് ചെയ്യുന്നതിന് മുമ്പ് നിയമവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ; | ഇല്ല. ജില്ലാ കളക്ടറുടെ ഉത്തരവ് റദ്ദ് ചെയ്യുന്നതിന് മുമ്പ് നിയമവകുപ്പിന്റെ അഭിപ്രായം ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്ത് കൊണ്ട് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് 08.05.2019-ലെ സ.ഉ (സാധാ) 1090/19/റവ നം. ഉത്തരവ് പ്രകാരം മരവിപ്പിച്ചിട്ടുണ്ട്. കൂടാതെ ഈ വിഷയത്തിൽ വിശദ പരിശോധനയ്ക്കായി അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടിയിട്ടുണ്ട്. |
| (എഫ്) | ചൂർണ്ണിക്കര ഭൂമി തട്ടിപ്പ് കേസിലെ അന്വേഷണ തീവ്രത കുന്നത്ത് നാട്ടിലെ ഭൂമി സംബന്ധിച്ച വകുപ്പുതല അന്വേഷണത്തിൽ കാണിക്കുന്നില്ല എന്ന ആക്ഷേപം വസ്തുതാപരമാണോ; വ്യക്തമാക്കുമോ? | ആക്ഷേപം വസ്തുതാപരമല്ല. |

**സെക്ഷൻ ഓഫീസർ**